# കണ്ണൂർ സർവ്വകലാശാല

**(സിംഗിൾ വിൻഡോ സെൽ)**

**നം.അക്കാദ് SWC/4056/2019** **തീയ്യതി**:09.05.2019

## <u>പ്രസിദ്ധീകരണത്തിന്</u>

## <u>ഏകജാലക സംവിധാനം വഴിയുള്ള ഒന്നാം വർഷ യുജി,പിജി പ്രവേശനം 2019-20</u>

കണ്ണൂർ സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്,സെൽഫ് ഫിനാൻസിംഗ് കോളേജുകളിലേക്കുള്ള 2019-20 അധ്യയന വർഷത്തെ ഒന്നാം വർഷ ഡിഗ്രി,പിജി കോഴ്സുകളിലേക്കുള്ള പ്രവേശനം ഏകജാലക സംവിധാനത്തിലൂടെ നടത്തുന്നതാണ്.

മേൽ പറഞ്ഞ കോളേജുകളിലെ മെറിറ്റ് സീറ്റുകളിലേക്കും എല്ലാ സംവരണ സീറ്റുകളിലേക്കും ഏകജാലക സംവിധാനം വഴി തന്നെയായിരിക്കും അലോട്ട്മെന്റ്. കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2019 **മെയ്13 മുതൽ** പി.ജി കോഴ്സുകളിലേക്കും **മെയ്14 മുതൽ** യു.ജി കോഴ്സുകളിലേക്കും ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ **http://admission.kannuruniversity.ac.in** എന്ന വെബ്സൈറ്റിൽ ‘ **Prospectus** ’ എന്ന ലിങ്കിൽ ലഭ്യമാണ്.കൂടാതെ എല്ലാ കോളേജിലും ഇതിനായി ഹെൽപ്പ്ഡെസ്ക് ആരംഭിച്ചിട്ടുണ്ട്.

- കമ്മ്യൂണിറ്റി, മാനേജ്മെന്റ്,സ്പോർട്സ് എന്നീ ക്വാട്ടകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും ആവശ്യമായ രേഖകളും സഹിതം പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ <u>പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.</u>
- **സെൽഫ് ഫിനാൻസിംഗ് കോളേജുകളുടെ ഫീസ് നിരക്ക് സർക്കാർ/എയ്ഡഡ് കോളേജുകളെ അപേക്ഷിച്ച് കൂടുതലാണ്**
- നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് എസ്.ഇ.ബി.സി വിഭാഗങ്ങൾക്ക് സംവരണം അനുവദിക്കുന്നത്.
- വിദ്യാർത്ഥികൾക്ക് 20 ഓപ്ഷൻ വരെ സെലക്ട് ചെയ്യാവുന്നതാണ്.കോളേജുകളെ സംബന്ധിക്കുന്ന വിവരങ്ങൾ( ദൂരം, ഹോസ്റ്റൽ സൗകര്യം മുതലായവ) അതാത് കോളേജുകളുടെ വെബ്സൈറ്റിൽ ലഭ്യമാണ്.അത് പരിശോധിച്ചതിനുശേഷം മാത്രം കോളേജുകൾ തെരഞ്ഞെടുക്കേണ്ടതാണ്.
- **<u>ഓപ്ഷൻ കൊടുത്ത കോളേജുകളിലേക്ക് അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ നിർബന്ധമായും പ്രവേശനം നേടേണ്ടതാണ്.അല്ലാത്തപക്ഷം തുടർന്നു വരുന്ന അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളും കോഴ്സുകളും മാത്രം തെരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്..</u>**

- ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തതിനുശേഷം അപേക്ഷയുടെ പ്രിന്റൗട്ട്കോളേജുകളിലേക്കോ സർവ്വകലാശാലയിലേക്കോ അയക്കേണ്ടതില്ല. അപേക്ഷയുടെ പ്രിന്റൗട്ടും ഫീസടച്ചതിന്റെ രസീതും പ്രവേശന സമയത്ത് അതാത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്.
- **ഓൺലൈൻ രജിസ്ട്രേഷൻ ഫീസ്** :

**പി.ജി : 420/- രൂപ.(എസ്.സി,എസ്.ടി വിഭാഗത്തിന് 100/- രൂപ)**

**യു.ജി: 420/- രൂപ.(എസ്.സി,എസ്.ടി വിഭാഗത്തിന് 250/- രൂപ)**

ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും **SBI COLLECT** മുഖാന്തിരം അടക്കേണ്ടതാണ്.ഓൺലൈൻ ആയും ഇ ചലാൻ വഴിയും ഫീസ് അടക്കാനുള്ള സംവിധാനം **SBI COLLECT** മുഖാന്തരം ലഭ്യമാണ്.ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ **www.kannuruniversity.ac.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഡി.ഡി, ചെക്ക്, മറ്റു ചലാനുകൾ തുടങ്ങിയവ സ്വീകരിക്കുന്നതല്ല. അലോട്ട്മെന്റ് ലഭിച്ചാൽ നിശ്ചിത തീയ്യതിക്കുള്ളിൽ സർവ്വകലാശാല ഫീസ് നിർബന്ധമായും അടക്കേണ്ടതാണ്.അല്ലാത്ത പക്ഷം വിദ്യാർത്ഥികൾ അലോട്ട്മെന്റിൽ നിന്നും പുറത്താവുന്നതാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് മൂന്നാം അലോട്ട്മെന്റിനു ശേഷം അലോട്ട്മെന്റ് മെമ്മോ വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്നതാണ്.മൂന്നാമത്തെ അലോട്ട്മെന്റിനുശേഷം മാത്രമേ കോളേജുകളിൽ പ്രവേശനം നേടേണ്ടതുള്ളൂ.മൂന്നാമത്തെ അലോട്ട്മെന്റിനു ശേഷവും ഹയർ ഓപ്ഷൻ നിലനിർത്താൻ ആഗ്രഹിക്കുന്നവർ സർവ്വകലാശാല ഫീസ് മാത്രം അടച്ച് സർട്ടിഫിക്കറ്റുകൾ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ സമർപ്പിച്ച് താത്ക്കാലിക അഡ്മിഷൻ നേടേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് തങ്ങൾക്ക് ലഭിച്ച അലോട്ട്മെന്റിൽ സംതൃപ്തരാണെങ്കിൽ ഓരോ അലോട്ട്മെന്റിനു ശേഷവും ഹയർ ഓപ്ക്ഷനുകൾ റദ്ദാക്കാവുന്നതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന പക്ഷം അടുത്ത അലോട്ട്മെന്റിൽ അവ പരിഗണിക്കുന്നതും അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം അപേക്ഷകൻ നിർബന്ധമായും അത് സ്വീകരിക്കേണ്ടതുമാണ്.അലോട്ട്മെന്റ് ലഭിച്ചാൽ ലോവർ ഓപ്ഷൻ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

അലോട്ട്മെന്റ് തീയ്യതി, കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ട തീയ്യതി തുടങ്ങിയവ അതാതു സമയങ്ങളിൽ വെബ്സൈറ്റിലുടേയും സർവ്വകലാശാല പത്രക്കുറിപ്പിലൂടേയും അറിയിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ : 0497-2715261, 0497-2715284

Email Id : sws@kannuruniv.ac.in

പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് മാത്രം ബന്ധപ്പെടുക

ഒപ്പ്/-

ഡപ്യൂട്ടി രജിസ്ട്രാർ (അക്കാദ്)